# ഖബ്ർ സന്ദർശനത്തിന്റെ പ്രാധാന്യം

## عَنْ بُرَيْدَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: كُنْتُ نَهَيْتُكُم عَنْ زِيَارَةِ الْقُبُورِ فَزُورُوهَا (مسلم)

**ബുറൈദ (റ) പ്രവാചകനി(സ)ൽനിന്ന് ഉദ്ധരിക്കുന്നു: അവിടുന്ന് പറഞ്ഞു: "ഞാൻ നേരത്തേ നിങ്ങൾക്ക് ഖബ്ർ സന്ദർശനം വിലക്കിയിരുന്നു. എന്നാൽ ഇനി മുതൽ നിങ്ങൾ അവിടെ സന്ദർശിച്ചുകൊള്ളുക" (മുസ്‌ലിം).**

ഏറെ പ്രതിഫലാർഹമായ കർമമാണ് ഖബ്ർ സന്ദർശനം. വിശ്വാസികളിൽ പരലോക ചിന്തയും മരണാനന്തര ജീവിതത്തിനുള്ള മുന്നൊരുക്ക വികാരവും അതുമുഖേന ശക്തിപ്പെടുമെന്നതു തന്നെ കാരണം. ഖബ്ർ സന്ദർശനം ഹൃദയത്തെ നിർമലമാക്കുമെന്നും കണ്ണുകൾ നിറക്കുമെന്നും അതിൽ നിങ്ങൾക്ക് ഗുണപാഠമുണ്ടെന്നും നബി (സ) പറഞ്ഞിട്ടുണ്ട് (ഹാകിം, അഹ്മദ്). ഖബ്റിനരികെ വെച്ച് ഖബ്റിലുള്ളവർക്കു വേണ്ടി നടത്തുന്ന പ്രാർഥന കൂടുതൽ വികാരനിർഭരവും ആത്മാർഥവുമാകും. ജീവിച്ചിരിക്കുന്നവർക്ക് ഭക്ഷണം എത്രമേൽ അത്യാവശ്യമാണോ അത്രയധികം മരണപ്പെട്ടവർക്ക് പ്രാർഥന ആവശ്യമാണെന്ന് ഇമാം സുഫ്‌യാൻ പറഞ്ഞിട്ടുണ്ട്.

പ്രവാചകൻ (സ) രാത്രിയുടെ അന്ത്യയാമങ്ങളിൽ പോലും തന്റെ വീടിനരികെ സ്ഥിതിചെയ്യുന്ന ബഖീഅ് ഖബ്റിസ്ഥാൻ സന്ദർശിക്കാറുണ്ടായിരുന്നു (*മുസ്‌ലിം*). ഒരിക്കൽ ഒരു മയ്യിത്തിനോടൊപ്പം ഖബ്റിസ്ഥാനിലേക്കു പോയ പ്രവാചകൻ (സ) കരയാൻ തുടങ്ങി. തുടർന്ന് അനുചരന്മാരോട് പറഞ്ഞു: "സഹോദരങ്ങളേ, ഈ ദിനത്തിനു വേണ്ടി ഒരുങ്ങിക്കൊൾക" (*ഇബ്നുമാജ*). മറ്റൊരിക്കൽ ഖബ്റിനരികെ വെച്ച് അവിടുന്ന് പറഞ്ഞു: ദിവസവും ഏറെ ഭയാനകമായ ശബ്ദത്തോടെ ഖബ്ർ വിളിച്ചു പറയും: 'അല്ലയോ ആദം സന്തതികളേ, നിങ്ങൾ എന്നെ വിസ്മരിക്കുകയാണ്. ഏകാന്തതയുടെ ഭവനമാണ് ഞാൻ. വന്യതയുടെയും ഒറ്റപ്പെടലിന്റെയും സ്ഥലം. പുഴുക്കളുടെയും കീടങ്ങളുടെയും വാസസ്ഥലം. പരീക്ഷണത്തിന്റെയും ദുരിതത്തിന്റെയും ഇടം. അല്ലാഹു ഖബ്ർ വിശാലമാക്കി കൊടുക്കുന്ന സുകൃതവാന്മാർക്കൊഴികെ ഞാൻ ഒരു പരീക്ഷണാലയം തന്നെയാണ്. ഖബ്ർ ഒന്നുകിൽ നിങ്ങൾക്ക് നരകത്തിന്റെ കഷ്ണമാകും. അല്ലെങ്കിൽ സ്വർഗീയാനന്ദങ്ങളുടെ ചീന്ത്' (*ത്വബറാനി*).

മുസ്‌ലിമേതര ശ്മശാനങ്ങളും മനസ്സിൽ മരണബോധം ഉണർത്തും. ദൈവധിക്കാരം മൂലം അല്ലാഹു നശിപ്പിച്ച സമൂദ് ജനതയുടെ വാസസ്ഥലമായ ഹിജ്റിൽ എത്തിയപ്പോൾ നബി (സ) പറഞ്ഞു: "ശിക്ഷിക്കപ്പെട്ട ഇവരിലേക്ക് വിലപിക്കുന്നവരായല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. കരയുന്നില്ലെങ്കിൽ ഇവിടെ പ്രവേശിക്കാതിരിക്കുകയാണ് വേണ്ടത്. അവരെ ബാധിച്ച ഫിത്ന (ദുരന്തം) നിങ്ങളെയും ബാധിക്കാതിരിക്കട്ടെ'' (*മുസ്‌ലിം*). *അസ്സലാമു അലൈകും അഹ്‌ലദ്ദിയാരി മിനൽ മുസ്‌ലിമീന വൽ മുഅ്മിനീൻ. വഇന്നാ ഇൻശാ അല്ലാഹു ബികും ലാഹിഖൂൻ. നസ്അലുല്ലാഹ ലനാ വലകുമുൽ ആഫിയ* (അല്ലയോ ഖബ്റിലുള്ള വിശ്വാസികളേ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ. അവൻ ഉദ്ദേശിക്കുമ്പോൾ ഞങ്ങളും നിങ്ങൾക്കു പിന്നാലെ മണ്ണിൽ വന്നുചേരുന്നവരാണ്. അല്ലാഹുവോട് നിങ്ങൾക്കും ഞങ്ങൾക്കും വേണ്ടി ഞങ്ങൾ സൗഖ്യം തേടുന്നു-*മുസ്‌ലിം*) എന്നാണ് ഖബ്ർ സന്ദർശന വേളയിൽ പ്രാർഥിക്കേണ്ടത്. നിരവധി ശൈലീഭേദങ്ങളോടെ ഇതുസംബന്ധമായ നബിവചനങ്ങൾ വേറെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ നാട്ടിലെ പല പള്ളിപ്പറമ്പുകളിലുമുള്ള ഖബ്റിടങ്ങളിൽ അനേകം ഉറ്റവരും ഉടയവരും അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. എന്നിട്ടും വല്ലപ്പോഴെങ്കിലും ആ ഖബ്റുകൾക്കരികെ പോകുന്നവർ കുറവാണ്. ചിലർക്ക് തങ്ങളുടെ വേണ്ടപ്പെട്ടവരുടെ ഖബ്റുകൾ ഏതെന്നും എവിടെയെന്നും അറിയില്ല. മുതിർന്ന കുട്ടികളെ ഖബ്റിസ്ഥാനിൽ കൊണ്ടുപോയി ഖബ്ർ സന്ദർശന മര്യാദകൾ, ഖബ്റടക്ക രീതി, ഖബ്റിനടുത്ത് വിലക്കപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ വിശദീകരിച്ചു കൊടുക്കുക, മുകളിലെ പ്രാർഥന പ്രായോഗികമായി പഠിപ്പിക്കുക, ഉറ്റവരുടെ ഖബ്റുകൾ സന്ദർശിക്കുമ്പോൾ അവരെ ഒപ്പം കൂട്ടുക തുടങ്ങിയ കാര്യങ്ങളിൽ രക്ഷിതാക്കൾ ശ്രദ്ധ വെക്കുന്നത് ഉചിതമായിരിക്കും. ഒരാൾ മരിച്ചാൽ ഉപകാരപ്പെടുന്ന മൂന്ന് പ്രധാന കാര്യങ്ങളിൽ ഒന്ന് പരേതനു വേണ്ടി പ്രാർഥിക്കുന്ന സന്താനമാണെന്നത് നാം മറക്കുകയാണോ? അതിനാൽ ഇടക്കിടെ ഖബ്റിടങ്ങളിൽ സന്ദർശിക്കുക. പുതുതലമുറയെയും ആ ശീലമുള്ളവരാക്കുക.

സ്ത്രീകളുടെ ഖബ്ർ സന്ദർശനം സംബന്ധിച്ച് ഭിന്നാഭിപ്രായമുണ്ടെങ്കിലും അധികപക്ഷവും അത് അനുവദനീയമാണെന്ന അഭിപ്രായക്കാരാണ്. അതിൽ കറാഹത്തില്ലെന്നാണ് ഇമാം നവവി പറയുന്നത് (*ശറഹുൽ മഹദ്ദബ്* 5:311). കൂടുതൽ കൂടുതൽ ഖബ്ർ സന്ദർശിക്കുന്ന സ്ത്രീകളെയാണ് നബി (സ) ശപിച്ചിട്ടുള്ളതെന്നാണ് ഇമാം ഖുർത്വുബിയുടെ വീക്ഷണം. ''മരണസ്മരണ സ്ത്രീകൾക്കും പുരുഷന്മാർക്കും ആവശ്യമാണ്'' (*ഫത്ഹുൽ ബാരി* 3:149). ഖബ്റുകളെ ആരാധനയുടെയും ഉത്സവത്തിന്റെയും സ്ഥലമാക്കരുതെന്ന് നബി (സ) പ്രത്യേകം താക്കീത് ചെയ്തിട്ടുണ്ട് (അബൂദാവൂദ്). പ്രവാചകന്മാരുടെ ഖബ്റിടങ്ങളെ ആരാധനാലയങ്ങളാക്കിയതിനാലാണ് ജൂത-ക്രൈസ്തവ സമൂഹങ്ങൾ ശപിക്കപ്പെട്ടതെന്നും അവിടുന്ന് ഉണർത്തി. വഴിതെറ്റിയ സിയാറത്ത് ടൂറുകൾ സമൂഹത്തെ കാർന്നുതിന്നുന്ന ഇക്കാലത്ത് ഏറെ പ്രസക്തമാണ് ഈ നബിവചനം. ഖബ്റുകൾക്ക് മീതെ കെട്ടിപ്പൊക്കിയ സൗധങ്ങളിൽ ഉറൂസ്-നേർച്ച-ചന്ദനക്കുടാദികൾ നടത്തൽ ബഹുദൈവാരാധനക്കു സമാനമാണെന്ന് ഇമാം റാസി പറയുന്നുണ്ട് (*തഫ്സീറുൽ കബീർ* 60:17-18). അഭിലാഷ സാഫല്യകേന്ദ്രമായും ഫലസിദ്ധിക്കുള്ള സ്ഥാനമായും ഖബ്റുകളെ പരിഗണിക്കാൻ പാടില്ല (ഇമാം ശൗകാനി: *നൈലുൽ ഔത്വാർ* 4:72). ●